# സെന്റ്. ജോവാനാസ് യൂ പി സ്കൂൾ ഉഴവൂർ

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025 - 26



# അക്കാദമിക് മാസ്റ്റർ പ്ലാൻ
# ക്ലാസ് - 1

വിദ്യാലയത്തിന്റെ പേര് : **സെന്റ് ജോവാനാസ് യുപിഎസ് ഉഴവൂർ**

അധ്യാപികയുടെ പേര് : **സ്റ്റെഫി പി ജേക്കബ്**

**ആമുഖം**

2025-26 അധ്യയന വർഷത്തിലെ സെന്റ് ജോവാനാസ് യു പി സ്കൂളിലെ ഒന്നാം ക്ലാസിലെ അക്കാദമിക മാസ്റ്റർ പ്ലാൻ. അനേക വർഷങ്ങളുടെ അനുഭവസമ്പത്ത് നിറഞ്ഞ ഈ വിദ്യാലയത്തിന് മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാൻ കഴിയുന്നു എന്നത് ഒരു പുത്തൻ അനുഭവമല്ല എന്നിരുന്നാലും വ്യത്യസ്തത നിറഞ്ഞ പ്രവർത്തനങ്ങൾ കോർത്തിണക്കാൻ കഴിയുന്നത് എടുത്തു പറയേണ്ട സവിശേഷത തന്നെയാണ്. പഠന പാഠ്യേതര പ്രവർത്തനങ്ങളിൽ കുട്ടികളോടൊപ്പം രക്ഷിതാക്കളെയും പൊതുസമൂഹത്തെയും പങ്കാളികളാക്കുന്ന മികവാർന്ന പ്രവർത്തനങ്ങൾ ചേർത്ത് തയ്യാറാക്കിയതാണ് ഈ മാസ്റ്റർ പ്ലാൻ.

# പ്രവർത്തന കലണ്ടർ

| Sl. No. | പരിപാടിയുടെ പേര് | നിർവഹണ കാലം |
|---|---|---|
| 1. | വായനോത്സവം | ജൂൺ - മാർച്ച് |
| 2. | പാട്ട് അരങ്ങ് | ജൂൺ - മാർച്ച് |
| 3. | ഭാഷ കളരി - കുഞ്ഞിക്കഥകളുമായി കുട്ടിക്കൂട്ടം | ജൂൺ - മാർച്ച് |
| 4. | ഗണിതമാഗസിൻ | ജൂൺ - മാർച്ച് |
| 5. | ജാമിതീയ ചിത്രങ്ങൾ | ഡിസംബർ - മാർച്ച് |
| 6. | ഭക്ഷ്യമേള | ഫെബ്രുവരി |
| 7. | പുഷ്പോ ധ്യാനം | ജൂൺ -മാർച്ച് |

## പ്രവർത്തനങ്ങളുടെ ചുമതല

- ക്ലാസ് ടീച്ചർ
- **SRG**
- **SMC**
- സ്കൂൾ വികസന സമിതി
- മദർ പി ടി എ

## സാമ്പത്തിക വിശകലനം

- എസ് എം സി

# പ്രവർത്തന വിശദാംശങ്ങൾ

## 1. വായനോത്സവം

### ലക്ഷ്യങ്ങൾ

- കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുക
- കുട്ടികളുടെ വായനയിൽ രക്ഷിതാക്കളെ പങ്കാളിയാക്കുക
- വാചിക അവതരണ ശേഷി വികസിപ്പിക്കുക

### പ്രവർത്തനഘട്ടങ്ങൾ

**ജൂൺ**

- CPTA
- ചിത്ര വായന

**ജൂലൈ**

- ചിത്രം നോക്കി കഥ പറയൽ
- അമ്മ കഥ വായിക്കുന്നു ബാക്കി കഥാസന്ദർഭം ഊഹിച്ച് പറയുന്നു

**ആഗസ്റ്റ്**

- കഥോത്സവം
- സി പി ടി എ യിൽ കഥ അവതരണം

**സെപ്റ്റംബർ**

- പുസ്തകം നോക്കി തനിയെ വായിക്കാൻ ശ്രമിക്കുന്നു
- അമ്മയുടെ സഹായത്തോടെ വായിക്കുന്നു

**ഒക്ടോബർ**

- ചെറുവാക്യങ്ങൾ എഴുതി വായിക്കുന്നു

**നവംബർ**

- വായന കാർഡുകൾ വായിക്കുന്നു

**ഡിസംബർ**

- അധ്യാപിക നൽകുന്ന വായനക്കാരുടെ അസംബ്ലിയിൽ വായിക്കുന്നു

**ജനുവരി**

- സി പി ടി എ കഥവായന
- ആശയം പറയൽ

**ഫെബ്രുവരി**

- പുസ്തകാവതരണം

**മാർച്ച്**

- കുട്ടികളുടെ കുട്ടിക്കഥകൾ ചേർത്ത് മാഗസിൻ തയ്യാറാകുന്നു

## 2. പാട്ടരങ്ങ്

### ലക്ഷ്യങ്ങൾ

- വിതകൾ ഈണത്തിലും താളത്തിലും ചൊല്ലുക
- വായ്ത്താരികൾ കണ്ടെത്തി ചൊല്ലുക
- പുതിയ വായ്ത്താരികൾ കണ്ടെത്തുക

### പ്രവർത്തന ഘട്ടങ്ങൾ

**ജൂൺ**

- കുട്ടി കവിതകൾ പാടുക
- കുപ്പികൾ കല്ലുകൾ ശേഖരണം
- ദൃശ്യാവിഷ്കാരം

**ജൂലൈ**

- അധ്യാപികയും കുട്ടികളും ചേർന്ന അവതരണം

**ആഗസ്റ്റ്**

- താളത്തിനൊപ്പം ചുവടുവെച്ചും ശബ്ദമുണ്ടാക്കിയും കവിത ആസ്വദിക്കൽ

**സെപ്റ്റംബർ**

- വായ്ത്താരികൾ ചൊല്ലൽ
- പാട്ടരങ്ങ് അവതരണം

**ഒക്ടോബർ**

- കുട്ടികവിതകൾ ചൊല്ലൽ

- ദൃശാവിഷ്കാരം നടത്തൽ

**നവംബർ**

- രക്ഷിതാക്കൾക്കൊപ്പം കവിത ചൊല്ലൽ

**ഡിസംബർ**

- ചെറു കവിതയെഴുതൽ (അമ്മമാരുടെ സഹായത്തോടെ)

**ജനുവരി**

- സ്വന്തമായി സഹായം കൂടാതെ വായ്ത്താരി ചേർത്ത് കവിത ചൊല്ലൽ

**ഫെബ്രുവരി**

- കവിത ദൃശ്യവിഷ്കാരം

**മാർച്ച്**

- പാട്ടരങ്ങ് - ഏകദിന ശിൽപ്പശാല നടപ്പിലാക്കൽ ( അധ്യാപകർക്കും രക്ഷിതാക്കൾക്കും കുട്ടികൾക്കും) വീഡിയോ തയ്യാറാക്കൽ

## 3. ഭാഷ കളരി

### ലക്ഷ്യങ്ങൾ

- വായനയിലും കഥ പറയലിലും താൽപര്യം വളർത്തുക
- ചെറുകഥകൾ തയ്യാറാക്കുക

### പ്രവർത്തന വിശദാംശങ്ങൾ

എല്ലാ മാസവും അധ്യാപിക ഒരു കഥ പറയുന്നു. അമ്മമാരും കഥ പറഞ്ഞു കേൾപ്പിക്കുന്നു. കേട്ട കഥ വീണ്ടും അവതരിപ്പിക്കാൻ കുട്ടികൾക്ക് അവസരം നൽകുന്നു.

### മാർച്ച്

എല്ലാ കുട്ടികൾക്കും മറ്റു ക്ലാസുകാരുടെ മുൻപിൽ കഥ ഭാവാത്മകമായി അവതരിപ്പിക്കാൻ അവസരം നൽകുന്നു

## 4. ഗണിതമാഗസിൻ

### ലക്ഷ്യം

- കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ

**പ്രവർത്തന വിശദാംശങ്ങൾ**

- ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ വരയ്ക്കുകയും ശേഖരിക്കുകയും ചെയ്തു എല്ലാ മാസവും അധ്യാപകയുടെ നേതൃത്വത്തിൽ സൂക്ഷിച്ചുവയ്ക്കുന്നു

**മാർച്ച്**

- ശേഖരിച്ചവ എല്ലാം ചേർത്ത് രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് ഗണിതമാഗസിൻ തയ്യാറാക്കുന്നു
- മാഗസിൻ അസംബ്ലിയിൽ പ്രകാശനം ചെയ്യുന്നു

## 5. ജാമിതീയ ചിത്രങ്ങൾ

**ലക്ഷ്യം**

- ചിത്ര നിർമ്മാണത്തിലൂടെ ഗണിതപഠനം എളുപ്പമാക്കുന്നു.
- വിവിധതരം രൂപങ്ങൾ തിരിച്ചറിയുന്നു

**പ്രവർത്തന വിശദാംശങ്ങൾ**

- ഈ പ്രവർത്തനം ഡിസംബർ മാസം ആരംഭിക്കുന്നു.
- വ്യത്യസ്തതരം രൂപങ്ങൾ പരിചയപ്പെടുത്തുന്നു
- ചിത്രം നിരീക്ഷിച്ചു വരയ്ക്കുന്നു
- കളർ പേപ്പറിൽ നിന്നും മുറിച്ചെടുത്ത് തയ്യാറാക്കുന്നു.
- മറ്റു വസ്തുക്കൾ (തീപ്പെട്ടി കമ്പ്, ഈർക്കിൽ) ഉപയോഗിച്ച് തയ്യാറാക്കി പേപ്പറിൽ പശ ചേർത്ത് ഒട്ടിക്കുന്നു.
- മാർച്ച് മാസത്തിൽ മാഗസിൻ പൂർത്തിയാക്കുന്നു

## 6. ഭക്ഷ്യമേള

**ലക്ഷ്യം**

- ആഹാര ശീലങ്ങളും ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിയുക

**പ്രവർത്തന വിശദാംശങ്ങൾ**

- നാടൻ ഭക്ഷണങ്ങളുടെ ചിത്രശേഖരണം
- നാടൻ ഭക്ഷണങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ
- നാടൻ വിഭവങ്ങൾ തയ്യാറാക്കി ഫെബ്രുവരിയിൽ ഭക്ഷണമേള സംഘടിപ്പിക്കുന്നു

## 7. പുഷ്പോദ്യാനം

**ലക്ഷ്യം**

- പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും

**പ്രവർത്തന വിശദാംശങ്ങൾ**

- എല്ലാ മാസങ്ങളിലും ചെടികളെ പൂക്കളെ നിരീക്ഷിക്കൽ.
- ചെടികളുടെ പേര് കണ്ടെത്തി പറയൽ
- പുതിയതായി വിരിയുന്ന പൂവിന്റെ ചിത്രം വരയ്ക്കൽ
- ചിത്രശലഭങ്ങളെ നിരീക്ഷിക്കൽ
- മാർച്ച് മാസത്തിൽ എന്റെ പുഷ്പോദ്യാനം എന്ന വിഷയത്തെ കേന്ദ്രീകരിച്ച് ആശയപ്രകടനത്തിന് അവസരം നൽകൽ.
- ഏറ്റവും മികച്ച രീതിയിൽ അവതരിപ്പിക്കുന്ന മൂന്നുപേർക്ക് സമ്മാനം നൽകുന്നു.

# English

**AIM**

To speak, Read & write English without any mistakes

**Time** :- June to march.

To check the vocabulary and writing skills of pupils.

| Skills | Activities | Month | Support |
|---|---|---|---|
| Listening skills:<br><br>speaking skills:-<br><br>Writing Skills | Pre test<br><br>* To develop listening skills and reading skills.<br><br>* Descriptions,growing sentences, picture reading, riddles, quiz<br><br>* Describing words from textbook activities.<br><br>* Games, Action songs.<br><br>* Hello English Activities<br><br>* use ICT<br><br>* Identify the naming words from the picture<br><br>* Identify the action words from the picture.<br><br>* Growing sentences, . picture reading, | June and July | |

| | | | |
|---|---|---|---|
| Reading skills<br><br>Writing Skills | * Find words from reading materials<br><br>* Rhyming words<br><br>* Describing words from textbook activities.<br><br>* picture description<br><br>* conversations<br><br>* Add more lines.<br><br>* Make word web | August and September | |
| Reading skills<br><br>Writing Skills | * To express thoughts, feelings etc....<br><br>* picture descriptions<br><br>* Description<br><br>* Thoughts | October and November | |
| Reading skills<br><br>Writing Skills | Develop the creative speaking and writing.<br><br>* Read cards<br><br>*Conversations ,skit, Stories use ICT<br><br>* Word chain<br><br>* Make word web | December and January. | |

| | | | |
|---|---|---|---|
| Reading Skills<br><br>Writing Skills: | * To improve the presentation power.<br><br>* Library books reading<br><br>* Conversations, skit Stories<br><br>* Descriptions<br><br>* Thoughts<br><br>* conversation<br><br>*story telling | February and march | |

# അക്കാദമിക മാസ്റ്റർപ്ലാൻ

## ക്ലാസ് : 2

# ആമുഖം

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാ വികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്തല 'മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകി കൊണ്ട് ഓരോ കുട്ടിയുടേയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം. അതാണ് ലക്ഷ്യം.

## പ്രവർത്തന ലക്ഷ്യങ്ങൾ

രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.

ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.

ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ്സിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.

വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.

ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘു വിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.

ആശയം, ഈണം താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു. ക്രവിതാ പൂരണം).

## മുന്നൊരുക്കം

പ്രീടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.

കുട്ടിയുടെ നിലവിലുള്ള അവസ്ഥ , കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും പിന്തുണകുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നു.

## പ്രവർത്തന ലക്ഷ്യം

രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

**ജൂൺ**

- ചിത്രക്കാർഡുകൾ നൽകൽ ച്രിത്രവും പദവും ഉൾക്കൊണ്ട്)
- ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ
- .വായനാ സാമഗ്രികൾ നിർമിക്കൽ
- വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ.

- സംയുക്ത ഡയറി
- രക്ഷിതാവിന്റെ/അദ്ധ്യാപികയുടെ സഹായത്തോടെ ദൈനം ദിന അനുഭവങ്ങളെ ഉൾക്കൊണ്ട് എഴുതുന്നതിന് സംയുക്ത ഡയറിയിലൂടെ കഴിയുന്നു.

ജൂലൈ

- പാട്ടരങ്ങ്
- ഭാഷാ പഠനത്തിൽ താളത്തിന് വളരെയധികം പ്രാധാന്യമുണ്ട്. കവിതകൾ ഈണം കണ്ടെത്തി അവതരിപ്പിക്കാനും കവിത ആസ്വാദനവും സാധ്യമാക്കുന്നു.
- ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.

ആഗസ്റ്റ്

- ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ
- ചിത്രകഥ പുസ്തകങ്ങൾ നോക്കി വായിക്കുന്നു.
- രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ
- വീട്ടു ലൈബ്രറി ഒരുക്കൽ
- ചിത്ര വിവരണം

സെപ്റ്റംബർ

- വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ
- വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ
- ലഘു വിവരണങ്ങൾ കഥകൾ,, കുട്ടി കവിതകൾ, സംഭാഷണങ്ങൾ തുടങ്ങിയവ ആശയം ഉൾക്കൊണ്ടു വായിക്കുന്നു

ഒക്ടോബർ

- കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ
- വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണന നൽകുന്നു
- ഉദാ:- ആന

വലിയ ആന

കറുത്ത വലിയ ആന

നവംബർ

- കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു.

ഡിസംബർ

- ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.
- വായനസാമഗ്രികൾ വായിക്കുന്നു,
- ചിത്രങ്ങൾ ഉൾപ്പെടുത്തി വാക്യങ്ങൾ എഴുതുന്നു.

(പൂച്ച നല്ല പൂച്ച, ഭംഗിയുള്ള പൂച്ച)

ജനുവരി

- വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ ക്രവിതാ പൂരണം)
- ലഘു വിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ

ഫെബ്രുവരി

- എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ച എന്നുള്ളത് ഉറപ്പ് വരുത്തൽ ഭ്രാഷണം, ലേഖനം, എഴുത്ത് )

- കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ.

## മാർച്ച്

- വ്യക്തിഗതരചനയെ പ്രോത്സാഹിപ്പിക്കൽ.
- ഇൻലന്റ് മാഗസിൻഓരോ കുട്ടിയും തയ്യാറാക്കൽ
- ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ, കൈയ്യെഴുത്ത് മാസിക, മാഗസിനുകൾ തയ്യാറാക്കൽ.
- വീട്ടുവായന , കൂട്ടു വായന, നാട്ടു വായന, അമ്മ വായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ.
- ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ

## ഗണിതം

- വിവിധ ജാമിതീയ രൂപങ്ങൾ കണ്ടെത്തുന്നു ഏതെല്ലാം എന്ന് തിരിച്ചറിയുന്നു ( ടെസ്റ്റ് ബെഞ്ച് പെൻസിൽ ബോക്സ് എന്നിവയുടെ രൂപങ്ങൾ തിരിച്ചറിയുന്നു )
- ജാമിതീയ രൂപങ്ങൾ ഉപയോഗിച്ച് വീട് നിർമ്മിക്കുന്നു
- എണ്ണൽ സംഖ്യകൾ ഓർഡറിൽ എഴുതുന്നു പറയുന്നു
- വിവിധ നമ്പർ കാർഡുകൾ കുട്ടികൾ വായിക്കുന്നു തൊട്ടടുത്ത സംഖ്യകൾ തിരിച്ചറിഞ്ഞു പറയുന്നു എഴുതുന്നു.
- നാണയങ്ങളും നോട്ടുകളും തിരിച്ചറിയുന്നു. കളി നോട്ടുകൾ ഉപയോഗിച്ച് ചെറിയ സംഖ്യകൾ എണ്ണി തിട്ടപ്പെടുത്തുന്നു.
- കടയിൽ നിന്നും വാങ്ങുന്ന സാധനങ്ങളുടെ വില മനസ്സിലാക്കി കണ്ടെത്തുന്നു.
- രണ്ട് സാധനങ്ങൾ വാങ്ങുമ്പോൾ അവയുടെ വിലകൾ തമ്മിൽ കൂട്ടി മൊത്തവില കണ്ടെത്തുന്നു. അതിനായി നമ്പറുകളെ പത്തിന്റെ കൂട്ടങ്ങളായി തിരിച്ച് അവയെ കൂട്ടിച്ചേർത്ത് കണ്ടെത്തും

# Academic master plan

## English

**Aim** : To speak, read & write English without any mistakes.

**Time** : June to march

PRETEST

To check the vocabulary and writing skills of pupils

| Skills | Activities | Period |
|---|---|---|
| To develop listening skills & reading skills. | • Games, Action songs Hello English activities.<br>• conversation, skit, stories use ICT | June and July |
| Speaking skills | • Identify the naming words from the picture.<br>• Identity the action words from the same pictures.<br>• Make simple sentences using the action word and naming words about the picture.<br>• Make symbol description about the picture.<br>• Growing sentence, picture reading, self introduction Assembly are also condutcted. | August |

| | | |
|---|---|---|
| | • Speech, book review, quiz riddlels, self introduction, School radio etc.. | |
| Develop the creative speaking and writing<br><br>Reading skills<br><br><br><br><br><br><br><br><br><br><br>Writing skills | • News paper reading, library books reading, book review, reading breaking news.<br>• find words<br>• collect and read past tense<br>• rhyming words<br>• describing words etc<br>• 6)Textbook activities<br><br>• Make word web<br>• Picture description with description words<br>• word chain sentence chain,<br>• make word and sentence<br>• make riddlle, conversation<br>• Add more lines | September |
| To express thoughts, feelings etc<br><br>Reading skill | • News paper reading, library book reading<br>• Conversation, skit stories use ICT materials | October and November |

| | | |
|---|---|---|
| Writing skills | • Reads breaking news,<br>• develop story<br>• Read notice<br><br>• Make word web<br>• picture description with description words<br>• word chain sentence chain<br>• make words& sentences<br>• make riddles, conversation | |
| Develop the creative speaking and writing<br>To express thoughts, feelings etc<br><br>Reading skill<br><br>Writing skill | • News paper reading, library book reading, book review<br>• conversation<br>• Develop story<br>• Read diary<br>• reads letters from friends<br><br>• Diary<br>• Letter<br>• Announcement | December, January |

| | | |
|---|---|---|
| To improve the presentation power<br><br>Reading skill | • News paper reading, library books reading, book review, reading<br>• conversation, skit, stories using ICT<br>• Reads breaking news<br>• Develop story | February, March |

# അക്കാദമിക മാസ്റ്റർപ്ലാൻ

## ക്ലാസ് : 3

# മലയാളം

ലക്ഷ്യങ്ങൾ

- പാഠ്യപദ്ധതി ലക്ഷ്യങ്ങളെ മുൻനിർത്തി എന്റെ കുട്ടികൾ എല്ലാവരും
- സംഘപ്രവർത്തനങ്ങളിൽ ഏർപ്പെട്ട് ജനാതിപത്യമൂല്യങ്ങൾ സ്വാംശീകരിക്കും, അവ ജീവിത സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കും .
- കവിതകളും പാട്ടുകളും ആശയ വ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കും
- രചനകൾ ഭാവാത്മകമായി വായിക്കും
- ആസ്വദിച്ച ഭാഷഘടകങ്ങൾ (കഥ, കവിത,ഡയറി , ചിത്രം)
- കഥകളെയും കവിതകളെയും മറ്റും നാടകം, പാവനാടകം , ചിത്രീകരണം,റീഡേഴ്സ് തീയേറ്റർ തുടങ്ങിയ രീതികളിൽ ആവിഷ്കരിക്കും .
- ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി ആവിഷ്കരിക്കും (വിവരണം , സംഭാഷണം )

## ഇതിനായി ഞാൻ നടത്തുന മുന്നൊറുക്കങ്ങൾ :

ജൂൺ – ജൂലായ്

1. കനകച്ചിലങ്ക

- . നാടൻപാട്ടുകൾ ശേഖരണം (വായ്ത്താരികൾ ഉള്ളത്)
- പഴഞ്ചൊല്ലുകൾ ശേഖരണം
- കഥാശേഖരം - ക്ലാസ് ലൈബ്രറി നവീകരണം ( നാട്ടുകഥകൾ)
- നാടൻ പാട്ടിലെയും കവിതയിലും താളം (കവിത ചൊല്ലൽ ശില്പ ശാല ]
- കഥോത്സവം [നാടൻ കഥകളുടെ അവതരണ ശില്പശാല ]
- കടങ്കഥകൾ ശേഖരണം - കടങ്കഥ പാട്ടുകൾ - കടങ്കഥ പതിപ്പ് -കടങ്കഥപ്പയറ്റ്
- കലയിലെ കേമൻ - കലാകാരനെ പരിചയപ്പെടാം - അഭിമുഖ സംഭാഷണം
- കലാരൂപങ്ങൾ വേഷവിധാനം - ചിത്രശേഖരണം - ആൽബം
- പാവനാടത്തെ അടുത്തറിയാം - ശില്പശാല

## ആഗസ്റ്റ്, സെപ്റ്റംബർ

### 2. പലഹാരപ്പൊതി

- കുട്ടികൾ വരച്ച ചിത്രങ്ങളുള്ള ലൈബ്രറി പുസ്തകങ്ങൾ ഒരുക്കിവയ്ക്കൽ
- ക്ലാസ് ലൈബ്രറിയിൽ കുട്ടിക്കഥകൾ ഒരുക്കിവയ്ക്കൽ
- നാടക ശില്പശാല
- റോൾപ്ലേ അവതരണങ്ങൾ
- ആഹാരവുമായി ബന്ധപ്പെട്ട പാട്ടുകൾ ശേഖരണം
- പലഹാരമേള- പാചകക്കുറിപ്പ് തയ്യാറാക്കൽ
- കത്തുകൾ മാതൃകകൾ
- ഹരിത കർമ്മ സേന അംഗങ്ങളുമായി അഭിമുഖം
- സ്കൂൾ പത്രം
- വിമല വിദ്യാലയം ശുചിത്വ പരിപാടി തയ്യാറാക്കൽ

## സി പി ടി എ ഒന്നാം മികവുത്സവം

- നാടോടി കഥകളുടെ അവതരണം
- നാടൻ പാട്ടുകളുടെ അവതരണം
- പാവനാടകം അവതരണം

## ഒക്ടോബർ

### 3. മനുഷ്യന്റെ കൈകൾ

- കൃഷിയിടം സന്ദർശനം
- കൃഷിപ്പാട്ടുകൾ കൃഷി ചൊല്ലുകൾ അവതരണം
- കുട്ടിക്കളികൾ കുട്ടിക്കാലത്തെ കളി അനുഭവങ്ങൾ വിവരണം പതിപ്പ്
- നാടൻ പാട്ട് ശില്പശാല

# ഗണിതം

ആസ്വദിച്ച് പഠിക്കാൻ കഴിഞ്ഞാൽ എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയുന്ന വിഷയമാണ് ഗണിതം. പ്രവർത്തനങ്ങളെ കളികളായും സർഗാത്മക പ്രവർത്തനങ്ങൾ ആയും കണ്ണി ചേർത്തുകൊണ്ടാണ് ഗണിതപഠനം എന്ന രീതിയിൽ മൂന്നാം ക്ലാസ്സിൽ അവതരിപ്പിക്കുന്നത്. കുട്ടികളുടെ താല്പര്യവും ജിജ്ഞാസയും വളർത്താൻ ഉതകുന്ന വിധം പ്രവർത്തനങ്ങളെ ക്രമപ്പെടുത്തിയിട്ടുണ്ട്. യുക്തി ചിന്ത, വിശകലനാത്മക ചിന്ത, പ്രശ്നപരിഹാരം എന്നീ ശേഷികൾ കുട്ടികളിൽ രൂപപ്പെടുന്നതിന് ജ്യാമിതി സഹായകരമാണ്. അമൂർത്തമായ ആയ ആശയങ്ങൾ കൈകാര്യം ചെയ്യുന്നതിന് ജ്യാമിതി പ്രയോജനപ്രദമാണ. സ്ഥലപരവും ദിശാപരവുമായ വിവരങ്ങൾ കൈകാര്യം ചെയ്യുന്നതിനും ജ്യാമിതി പ്രധാന പങ്ക് വഹിക്കുന്നുണ്ട് .

ഒരക്കം മുതൽ മൂന്നക്കം വരെയുള്ള സംഖ്യകളെ കുട്ടികൾ ഇതിനോടകം തന്നെ പരിചയപ്പെട്ടിട്ടുണ്ട്. 2000 വരെയുള്ള സംഖ്യകൾ പറയുക, വായിക്കുക, എഴുതുക എന്നീ ശേഷികൾ നേടാനും നിത്യജീവിതത്തിന്റെ ഭാഗമായി നാണയങ്ങളും നോട്ടുകളും കൈകാര്യം ചെയ്യേണ്ടി വരുന്ന പ്രായോഗിക സന്ദർഭങ്ങളിൽ അത് ഉപയോഗപ്പെടുത്താനും മൂന്നാം ക്ലാസ്സിലെ ഗണിതപഠനം ലക്ഷ്യം വെക്കുന്നു.

നിത്യ ജീവിത സന്ദർഭങ്ങളിലെ മൂന്നക്ക സംഖ്യകളുടെ സങ്കലന ക്രിയ ഉൾക്കൊള്ളുന്ന പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്ത് നിർധാരണം ചെയ്യുന്നതിന് ഉള്ള ശേഷി കൈവരിക്കുന്നതിന് മൂന്നാം ക്ലാസ്സിൽ ലക്ഷ്യമിടുന്നു. രണ്ട് മൂന്നക്ക സംഖ്യകളുടെ സങ്കലന ക്രിയ ചെയ്യുന്നതിനുള്ള വിത്യസ്ത വഴികൾ പരിചയപ്പെടാനും സന്ദർഭാനുസരണം സംഖ്യകളെ സ്ഥാനവിലക്ക് അനുസരിച്ച് പിരിച്ചെഴുതി സങ്കലനക്രിയ ഉപയോഗിച്ച് നിർധാരണം ചെയ്യാനും ലക്ഷ്യമിടുന്നു. മനഗണിതത്തിനു പ്രാധാന്യം നൽകിയുള്ള പ്രവർത്തനങ്ങളുടെ സാധ്യതകളും ഉൾപ്പെടുത്തിയിട്ടുണ്ട്

നീളം അളക്കുന്നതിനുള്ള ഏകകങ്ങളായ സെന്റീ മീറ്റർ, മീറ്റർ എന്നിവ പരിചയപ്പെടുന്നതിന് അവസരമൊരുക്കിയിരിക്കുന്നു. സ്കെയിൽ, ടേപ്പ് എന്നിവ ഉപയോഗിച്ച് നീളം കൃത്യമായി അളക്കാൻ ഉള്ള അവസരമാണ് കുട്ടികൾക്ക് ഒരുക്കുന്നത്. ഈ യൂണിറ്റുകൾ തമ്മിലുള്ള പരസ്പര ബന്ധം കണ്ടെത്താൻ പ്രായോഗിക പ്രശ്നങ്ങളുടെ നിർധാരണത്തിലൂടെ അവസരം ഒരുക്കിയിട്ടുണ്ട്. അളവുകൾ ഊഹിച്ചു പറയുന്നതിനും നീളം കൃത്യമായി അളക്കുന്നതിനും ധാരാളം അവസരങ്ങൾ ഉണ്ട്.

9 വരെ ഉള്ള സംഖ്യകളുമായി ബന്ധപ്പെട്ട ഗുണന വസ്തുതകൾ സംബന്ധിച്ച ധാരണ കൈവരിക്കുന്നതിന് ലക്ഷ്യമിടുന്നു. പ്രയോഗിക് പ്രശ്നങ്ങളും യൂണിറ്റിൽ അവതരിപ്പിക്കുന്നു. ഗുണന ചിന്തയോടൊപ്പം ഗുണന ചിന്ത വളർത്തുന്ന പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

## ജൂൺ - ജൂലൈ

### യൂണിറ്റ് 1 രൂപങ്ങൾ വരയ്ക്കാം

- ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ
- ചതുരം,വട്ടം,ത്രികോണം എന്നീ രൂപങ്ങൾ തിരിച്ചറിഞ്ഞു രേഖപ്പെടുത്താൻ
- തോരണം നിർമാണം, തോണി നിർമാണം
- വെജിറ്റബിൾ പ്രിന്റിങ്
- ചതുരം, വട്ടം, ത്രികോണം എന്നീ രൂപങ്ങൾ ചേർത്ത് വെച്ച് ഇഷ്ടമുള്ള രൂപങ്ങൾ കുട്ടികൾ നിർമ്മിക്കുന്നു.

## ജൂലൈ-ഓഗസ്റ്റ്

- ഓരോ കുട്ടിക്കും കണക്കുപെട്ടി, ഗണിത ശില്പശാല നിർമ്മിക്കേണ്ടത്.
- 1 മുതൽ 100 വരെ എഴുതിയ ടോക്കൻ
- കളി നോട്ടുകൾ
- ഓരോ നോട്ടുകളും 10 എണ്ണം വീതം
- കമ്പ് കെട്ടുകൾ
- സംഖ്യ സ്ലിപ്പുകൾ
- അബാക്കസ് നിർമാണം

## ഓഗസ്റ്റ് - സെപ്റ്റംബർ

- പ്രയോഗിക പ്രശനങ്ങളുടെ നിർദ്ധാരണം

## ഒക്ടോബർ

- സ്കെയിൽ നിർമാണം
- കുട്ടികളുടെ ഉയരം, വണ്ണം, തൂക്കം ക്യാമ്പ്

## നവംബർ - ഡിസംബർ

- ഗുണന വസ്തുത കാർഡ് നിർമാണം

# EVS

| മാസം | പ്രവർത്തനങ്ങൾ | പിന്തുണാ സംവിധാനം |
|---|---|---|
| ജൂൺ | • ചെടികൾ നിരീക്ഷിക്കുന്നു<br>• പ്രകൃതി നടത്തം<br>• വിത്ത് മുളപ്പിക്കൽ<br>• വ്യത്യസ്തതരം സസ്യങ്ങൾ,പൂക്കൾ എന്നിവയെ തിരിച്ചറിയുന്നു<br>• പരിസ്ഥിതി ദിനാചരണം | SRG |
| ജൂലൈ | • വ്യത്യസ്തതരം ജീവികളെ നിരീക്ഷിക്കുന്നു.<br>• മണ്ണ് നിരീക്ഷണം<br>• ജൈവവൈവിധ്യ ഉദ്യാന നിർമ്മാണം. | PTA<br>SRG |
| വർഷം മുഴുവൻ | • സ്കൂൾ ഹെൽത്ത് ക്ലബ് പ്രവർത്തനങ്ങൾ | SRG, PTA |
| ആഗസ്റ്റ് | • മഴമാപിനി നിർമ്മാണം<br>• ജലസംരക്ഷണ പോസ്റ്റർ നിർമാണം<br>• കിണർ സന്ദർശനം<br>• മണ്ണ് നിരീക്ഷണം<br>• മണ്ണ് കൊണ്ടുള്ള വ്യത്യസ്ത പരീക്ഷണങ്ങൾ<br>• ആശയപടം തയ്യാറാക്കൽ | SRG |
| സെപ്റ്റംബർ | • ശുചിത്വ പോസ്റ്റർ നിർമ്മാണം<br>• സ്കൂൾ ശുചിത്വ ക്ലബ്ബ് പ്രവർത്തനങ്ങൾ<br>• ആരോഗ്യ ബോധവൽക്കരണ സെമിനാർ | SRG, PTA |
| ഒക്ടോബർ | • ഫീൽഡ് ട്രിപ്പ്- പഴം, | |

| | | |
|---|---|---|
| | പച്ചക്കറിക്കട<br>• എന്റെ ആരോഗ്യ കാർഡ് - ഓരോ കുട്ടിക്കും BMI കാണുന്നു.<br>• സ്കൂൾ പച്ചക്കറി തോട്ടം പരിപാലിക്കൽ | |
| നവംബർ | • റോഡ് നിയമങ്ങൾ റോൾപ്ലേ<br>• ഫസ്റ്റ് എയ്ഡ് കിറ്റ് തയ്യാറാക്കൽ | |
| ഡിസംബർ | • പരീക്ഷണങ്ങൾ<br>• നിരീക്ഷണ പ്രവർത്തനം- ഗ്ലോബ്, ICT<br>• ഗ്ലോബ് നിർമ്മാണം<br>• ദേശീയ ചിഹ്നങ്ങൾ തിരിച്ചറിയൽ<br>• ഭൂപട വായന<br>• എന്റെ കേരളം ചിത്രരചന, കുറിപ്പ്<br>• ഭൂപ്രകൃതി തിരിച്ചറിയൽ | |
| ജനുവരി, ഫെബ്രുവരി | • ജീവികളുടെ കൂടുകൾ ചിത്രശേഖരണം<br>• വ്യത്യസ്ത തരം വീടുകൾ- ആൽബം | SRG, PTA |
| മാർച്ച് | • പഠനോത്സവം | PTA, MPTA, SRG, SSK |

# English

Aim- To speak , Read and write English without any mistake

Time : June to March

To check the vocabulary and writing skill of pupils

## Activities

June and July

- Pre test
- To develop listening skills and readin skills.

Listening skills : Games, Action songs

- Hello English Activities
- Conversations
- Skit stories
- use ICT

Speaking skills

- Identify the naming words from the picture.
- Identify the action word from the picture.
- Make simple sentences using the word about picture.
- Make simple description about the picture.
- Growing sentences, picture reading, Self introductions

August and September

- Develop the creativ speaking and writing

Reading skills

- Books reading
- Find words

- Collect and read past tense
- Rhyming words
- TB Activities

## Writing Skills

- Make word web
- Picture description
- Word chain
- Make words and sentences
- Make riddles, conversations
- Add more lines

## October and November

- To express thoughts,feelings etc

## Reading skills

- Library book reading
- Conversation,Skit,Stories , use ICT
- Read notice
- Develop story

## Writing Skills

- Description
- Thoughts

## December and January

- Develop the creative speaking and writing

Reading skills

- Library book reading
- Conversations, Skit stories, use ICT
- Develop story
- Reads daily

Writing Skills

- Dairy
- Announcement

February and March

- To improve the presentation power
- Reading Skills
- Library books reading
- Conversations, skit stories
- Develop story

Writing Skills

- Dairy
- Description
- Thoughts
- Exhibition

# അക്കാദമിക മാസ്റ്റർപ്ലാൻ

## ക്ലാസ് : 4

# മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഭാഷാഭിരുചി വളർത്തൽ | * പുസ്തകങ്ങൾ ഉണ്ടോ എന്ന് പരിശോധന, കണ്ടെത്തൽ<br>* മുൻവർഷത്തെ പുസ്തക രജിസ്റ്റർ പരിശോധന | മെയ് |
| വായനാശീലം വളർത്തൽ | * വായനാദിനാചരണം<br>*പുസ്തകപരിചയം<br>*വായനാ ക്വിസ്<br>* വായനാ മത്സരം<br>*കവി പരിചയം *പുസ്തകവിതരണ രജിസ്റ്റർ തയ്യാറാക്കൽ | ജൂൺ |
| | * വായനാ മൂല തയ്യാറാക്കൽ<br>* കൂടുതൽ പുസ്തകങ്ങൾ കുട്ടികൾ ശേഖരിക്കൽ<br>* വായന കാർഡ് | ജൂലൈ<br>ആഗസ്റ്റ് |
| സ്വതന്ത്ര വായന | * പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് വായനാ കാർഡ്, മറ്റ് സാമഗ്രികൾ<br>* വായനക്കുറിപ്പ് | സെപ്റ്റംബർ |
| എഴുത്തും വായനയും പരിപോഷിപ്പിക്കൽ | *രചനാ പരിചയക്കുറിപ്പ്<br>*സ്വയം ലഘു രചനകൾ തയ്യാറാക്കൽ<br>* അമ്മ വായന | ഒക്ടോബർ<br>നവംബർ |
| | * പിറന്നാൾ പുസ്തകം<br>* അമ്മ വായന- തുടർച്ച<br>* CWSN കുട്ടികൾക്ക് വായനാ കാർഡ് മാറ്റി ചെറിയ ചിത്രകഥകൾ നൽകുന്നു<br>* കുട്ടിക്കഥകൾ, കവിത രചിക്കൽ | ഡിസംബർ |
| | * അസംബ്ലിയിൽ പതിപ്പ് പ്രകാശനം<br>* വായനാകാർഡ് സ്വയം തയ്യാറാക്കൽ | ജനുവരി |
| | * പഠനോത്സവം<br>* രചനാ പരിചയക്കുറി പ്പ് പ്രകാശനം<br>* സ്വയം രചന പ്രദർശിപ്പിക്കൽ<br>* ഇഷ്ടപ്പെട്ട പുസ്തകം പരിചയപ്പെടുത്തൽ -<br>* അവതരണം | മാർച്ച് |

# പരിസര പഠനം

<table>
<tr><th>ലക്ഷ്യം</th><th>പ്രവർത്തനങ്ങൾ</th><th>കാലം</th></tr>
<tr><td>നിരീക്ഷണം -അറിവ് നിർമ്മാണം</td><td>പഠനഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ</td><td>ആവശ്യാനുസരണം</td></tr>
<tr><td colspan="3">ശാസ്ത്ര മൂല</td></tr>
<tr><td>ശാസ്ത്ര പഠനം ലളിതവും രസകരവും ആക്കാൻ</td><td>ശാസ്ത്ര പഠനത്തിന് ആവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ</td><td>വർഷം മുഴുവൻ</td></tr>
<tr><td colspan="3">ശാസ്ത്ര യാത്ര</td></tr>
<tr><td>ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കാൻ അന്വേഷണത്വര വളർത്തൽ</td><td>വാന നിരീക്ഷണ കേന്ദ്രം<br>സയൻസ് പാർക്ക്<br>ശാസ്ത്രമെഡിക്കൽ പ്രദർശനങ്ങൾ<br>ഫോക് ലോർ അക്കാദമി ഇവ സന്ദർശിക്കൽ</td><td>ആവശ്യാനുസരണം</td></tr>
<tr><td colspan="3">ഭൂപടം ഒരുക്കാം</td></tr>
<tr><td>കേരളം- ഇന്ത്യ ഭൂപട വായന- സൂചിക പരിചയപ്പെടൽ</td><td>ഭൂപട വായന ഭൂപട രചന<br>സൂചിക നിർമ്മാണം<br>ഉപയോഗിക്കൽ</td><td>വർഷത്തിൽ ഒന്ന്</td></tr>
<tr><td colspan="3">ശാസ്ത്ര വിസ്മയ ചുമർ</td></tr>
<tr><td>ശാസ്ത്ര പഠനം രസകരമാക്കൽ</td><td>ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ</td><td>ആവശ്യാനുസരണം</td></tr>
<tr><td colspan="3">ശാസ്ത്രോത്സവം</td></tr>
<tr><td>ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം</td><td>പതിപ്പ്,ചാർട്ട്,ആൽബം, പഠനോപകരണം, പരീക്ഷണം, ഇവയുടെ പ്രദർശനം</td><td>വർഷത്തിലൊരിക്കൽ</td></tr>
<tr><td colspan="3">ശാസ്ത്ര മാസിക</td></tr>
<tr><td>ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന</td><td>ശാസ്ത്ര മാസികകളുടെ നിർമ്മാണം</td><td>വർഷത്തിൽ ഒന്ന്</td></tr>
</table>

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| | കളിക്കാം ഗണിക്കാം | |
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ ) | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ നടപ്പാക്കൽ മൂല്യനിർണയം ഏണിയും പാമ്പും ഡയസ് കളി സങ്കലനം വ്യവകലനം കച്ചവട കളി | വർഷം മുഴുവൻ |
| | ഒറിഗാമിയിലൂടെ പഠിക്കാം | |
| കരചലനശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിലൊന്ന് |
| | ഗണിത ലാബ് | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിത ലാബ് ഒരുക്കൽ പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ |
| | ഗണിത ചുമർ | |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ |
| | ഗണിത പഠനോപകരണ ശില്പശാല | |
| പഠനോപകരണങ്ങളുടെ ഗണിത പഠനം രസകരമാക്കൽ | പ്രവർത്തനം പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം പ്രദർശനം | ആവശ്യാനുസരണം |
| | ഗണിത മേള | |
| ഗണിതശേഷികളുടെ പ്രകടനം | പ്രശ്നോത്തരി,പസിൽ പാറ്റേൺ, പഠനോൽപ്പന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് |

# English

Aim- To speak , Read and write English without any mistake

Time : June to March

To check the vocabulary and writing skill of pupils

## Activities

### June and July

- Pre test
- To develop listening skills and readin skills.

Listening skills : Games, Action songs

- Hello English Activities
- Conversations
- Skit stories
- use ICT

### Speaking skills

- Identify the naming words from the picture.
- Identify the action word from the picture.
- Make simple sentences using the word about picture.
- Make simple description about the picture.
- Growing sentences, picture reading, Self introductions

### August and September

- Develop the creativ speaking and writing

### Reading skills

- Books reading
- Find words

- Collect and read past tense
- Rhyming words
- TB Activities

Writing Skills

- Make word web
- Picture description
- Word chain
- Make words and sentences
- Make riddles, conversations
- Add more lines

October and November

- To express thoughts,feelings etc

Reading skills

- Library book reading
- Conversation,Skit,Stories , use ICT
- Read notice
- Develop story

Writing Skills

- Description
- Thoughts

December and January

- Develop the creative speaking and writing

Reading skills

- Library book reading
- Conversations, Skit stories, use ICT
- Develop story
- Reads daily

Writing Skills

- Dairy
- Announcement

February and March

- To improve the presentation power
- Reading Skills
- Library books reading
- Conversations, skit stories
- Develop story

Writing Skills

- Dairy
- Description
- Thoughts
- Exhibition

# അക്കാദമിക മാസ്റ്റർപ്ലാൻ

## ക്ലാസ് : 5

# മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
| --- | --- | --- |
| ഭാഷയുടെ അടിസ്ഥാനശേഷി വികസനം ആശയസം വേദന നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | കുട്ടികൾ അവരുടെ അവധിക്കാലം അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ കഥ കവിത യാത്രാ അനുഭവം അനുഭവക്കുറിപ്പ് അവതരിപ്പിക്കുന്നു<br><br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി വളർത്തുന്നു<br><br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | ജൂൺ<br><br>ജൂൺ<br><br>ജൂൺ |
| കുട്ടികളിൽ അർഥ പൂർണ്ണമായ വായന ഉറപ്പുവരുത്തുക | പത്രം മാസികകൾ മറ്റു പുസ്തകങ്ങൾ എന്നിവ കുട്ടികൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്ന<br><br>അതാത് ദിവസത്തെ പ്രധാന സംഭവങ്ങളെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു | എല്ലാം ദിവസവും<br><br>എല്ലാ മാസവും |
| മലയാളം കമ്പ്യൂട്ടിംഗ് പരിജ്ഞാനം നേടിയെടുക്കാനും സർഗ്ഗ ആത്മകശേഷി വളർത്തൽ | മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടിംഗ് പരിശീലിപ്പിക്കുകയും ഈ മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു<br><br>മുഴുവൻ കുട്ടികളുടെയും സർഗാത്മക രചനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു | അക്കാദമിക വർഷം<br><br>മാർച്ച് |
| കുട്ടികളിലെ കലാവാസനകളെ പരിപോഷിപ്പിക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട് സ്കിറ്റ് തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു | അക്കാദമിക വർഷം |

# ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ശരിയായ ഇംഗ്ലീഷ് ശ്രമിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു | ലളിതവും രസകരവുമായ ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു | അക്കാദമിക വർഷം |
| | ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു | ജൂൺ |
| | സംഭാഷണം കുട്ടികളെ കേൾപ്പിക്കുന്നു അധ്യാപികയും കുട്ടികളും തമ്മിലുള്ള സംഭാഷണം കേൾപ്പിക്കുന്നു | അക്കാദമിക വർഷം |
| | ഇംഗ്ലീഷ് റേഡിയോ ന്യൂസ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം നൽകുന്നു | അക്കാദമിക വർഷം |
| ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | വ്യത്യസ്ത തരങ്ങളിലായി വിവിധ വായനക്കാട്ടുകൾ ക്രമീകരിക്കുന്നു. തെറ്റ് കൂടാതെ വായിക്കാൻ അവസരം നൽകുന്നു പാഠഭാഗത്തുനിന്നും തെരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ടീച്ചർ ചാർട്ടിൽ എഴുതുന്നു കുട്ടികൾക്ക് വായിക്കാനുള്ള അവസരം നൽകുന്നു | ജൂലൈ മാസം |
| | ഇംഗ്ലീഷ് ന്യൂസ് പേപ്പർ വായിക്കുവാൻ അവസരം നൽകുന്നു | അക്കാദമിക വർഷം |
| തെറ്റുകൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു | കുട്ടികളെ കൊണ്ട് ഡിക്ഷണറി തയ്യാറാക്കുന്നു ചാർട്ടിൽ എഴുതി പ്രദർശിപ്പിച്ച വാക്കുകൾ മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതിക്കുന്നു | അക്കാദമിക വർഷം |

| | | |
|---|---|---|
| | ചെറിയ നോട്ടീസ് പോസ്റ്റർ ഇവ പ്രദർശിപ്പിക്കുന്ന കുട്ടികളെ കൊണ്ട് ഇതുപോലെ ഉണ്ടാക്കാൻ ആവശ്യപ്പെടുന്നു | അക്കാദമിക വർഷം |
| ഇംഗ്ലീഷ് ഭാഷകൾ ഉള്ള ആത്മവിശ്വാസം ഉയർത്തുന്നു | റോൾപ്ലേ ഇംഗ്ലീഷ് കിറ്റ് ഇവ കുട്ടികളെ കൊണ്ട് നടത്തുന്നു | ജനുവരി മാസം |

# ഹിന്ദി

## ലക്ഷ്യങ്ങൾ :

- 5,6,7 ക്ലാസ് അക്ഷരബോധം ഉറപ്പിക്കൽ. ഹിന്ദി അഞ്ചാംതരം മുതൽ ആരംഭിക്കുന്നതിനാൽ ഭാഷയെ അറിയാനും ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുന്നു.
- യു.പി. തലത്തിലെ മുഴവൻ വിദ്യാർത്ഥികൾക്കും തെറ്റ് കൂടാതെ ഹിന്ദി വായിക്കാൻ സാധിക്കണം.
- നിത്യജീവിതത്തിൽ ആവശ്യമായ സന്ദർഭങ്ങളിൽ ഭാഷാ അനായാസേന സംസാരിക്കാനുള്ള ശേഷികൾ നേടിയെടുക്കുന്നു.
- സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകുക .
- ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.
- ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കുവാനും സർഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം നൽകുക.
- കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ ഹിന്ദിയിൽ പഠിക്കുക.

## പ്രവർത്തനങ്ങൾ

- പുതിയ പദങ്ങൾ, കവിതകൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ കുട്ടി സ്വയം മനസ്സിലാക്കുന്നു. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് എന്നിവ പ്രദർശിപ്പിക്കുന്നു.
- ഭാഷയെ മനസ്സിലാക്കുന്നതിനും നിത്യജീവിതത്തിൽ ഉപയോഗിക്കുന്നതിനും വായനയെ ക്ലാസ്മുറികളിൽ ചിത്രകഥകളിലൂടെയും, നിരന്തര പുസ്തക വായനയിലൂടെയും ദൃശ്യ- ശ്രവ്യ സാമഗ്രികളിലൂടെയും കുട്ടികളുടെ മുൻപിൽ എത്തിക്കുന്നു.
- ക്ലാസുകളിൽ കൂടുതൽ ഹിന്ദി വാക്കുകളും, വാക്യങ്ങളും ഉപയോഗിക്കുന്നതിലൂടെ ഭാഷ അനായാസേന സ്വായത്തമാക്കാൻ കുട്ടിക്ക് സാധിക്കുന്നു.
- വായനയുടെ വിവിധ മേഖലകൾ കുട്ടികൾ തിരിച്ചറിയുന്നതിനായി ഹിന്ദി പുസ്തകങ്ങൾ, വായനാകാർഡുകൾ എന്നിവയിലൂടെ കുട്ടിക്ക് ഭാഷയെ ലളിതമാക്കുന്നു.
- അധ്യാപകൻ ഹിന്ദി വാക്യങ്ങൾ തെറ്റിച്ച് നൽകുകയും കുട്ടികൾ വളരെ ശ്രദ്ധയോടെ ശരിയായി എഴുതാൻ ശ്രമിക്കുകയും ചെയ്യുന്നു.
- Readery Fight - മത്സര വായന: തെറ്റാതെ, ആവർത്തിക്കാതെ, പാസില്ലാതെ കുട്ടി കൂടുതൽ വരികൾ വായിക്കുന്നു. ആ കുട്ടിക്ക് സമ്മാനം നൽകുന്നു..
- കോപ്പിബുക്ക് :- അധികവായന നടത്തുന്ന വിദ്യാർത്ഥികൾ പുസ്തകങ്ങളിൽ നിന്നുള്ള ഭാഗങ്ങൾ കോപ്പി ബുക്കിൽ കൃത്യമായി എഴുതുന്നു.
- ഹിന്ദി അസംബ്ലി :- ആഴ്ച്ചയിലൊരിക്കൽ ഹിന്ദി അസംബ്ലി നടത്തും . ഓരോ ആഴ്ചയിലേയും അസംബ്ലി നടത്തേണ്ട ചുമതല നിശ്ചിത ക്ലാസുകൾക്കായിരിക്കും. അവതരണത്തിനുള്ള അവസരം എല്ലാ വിദ്യാർത്ഥികൾക്കും നൽകുന്നു.
- ദിനാചരണങ്ങൾ : - ഹിന്ദിദിനം, ശിശുദിനം എന്നിങ്ങനെ പ്രാധാന്യമുള്ള ദിവസങ്ങളിൽ ഹിന്ദി ഭാഷയിൽ പോസ്റ്റർ തയ്യാറാക്കുന്നു. വിദ്യാർത്ഥികൾക്കായി നടത്തുന്ന പ്രവർത്ത നങ്ങളിൽ ഹിന്ദിയുടെ സാന്നിധ്യം ഉറപ്പുവരുത്തുന്നു.
- ഹിന്ദി ആസ്വാദനം :- വിദ്യാർത്ഥികൾക്ക് അവതരണ രംഗത്ത് ശോഭിക്കുന്നതിനായി അവസരമൊരിക്കുന്നു.
- പ്രദർശന സാമഗ്രികൾ: A4 പേപ്പറിൽ തയാറാക്കുന്ന രചനകൾ കൂട്ടിച്ചേർത്ത് ക്ലാസ് മാസികകൾ തയാറാക്കുക

- ഹിന്ദി മത്സരങ്ങൾ : - ഹിന്ദിയിൽ പാടാനും പറയാനും എഴുതാനും മികവുപുലർത്തുന്ന വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിനായി മത്സരങ്ങൾ നടത്തും. മികവ് പുലർത്തുന്നവർക്ക് സമ്മാനങ്ങൾ നൽകും.
- വായനാ കാർഡുകൾ തയ്യാറാക്കൽ - ഹിന്ദി അക്ഷരങ്ങൾ തിരിച്ചറിയാൻ കുട്ടികളെ പ്രാപ്തരാക്കുന്നതിനായി വായനാകാർഡുകൾ കുട്ടികൾ തയ്യാറാക്കുന്നു. ഇവയിൽ ചിത്രങ്ങളും പേരുകളും ചേർക്കുന്നു. ദേശീയഗാനം, പ്രതിജ്ഞ, ഹിന്ദി അക്കങ്ങൾ, മാസങ്ങൾ എന്നിവയും ഉൾപ്പെടുത്തുന്നു.

| PROGRAMME | ACTIVITY | DURATION |
|---|---|---|
| UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ. | • 6,7 ക്ലാസുകളിൽ പ്രീടെസ്റ്റ് നടത്തുന്നു.<br>• അക്ഷര എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ<br>• അക്ഷര കാർഡ്<br>• വാക്യങ്ങളുടെ നിർമാണം<br>• കവിതകളിലൂടെയും കഥകളിലൂടെയും അക്ഷരങ്ങളും വാക്കുകളും തിരിച്ചറിയൽ. | ജൂൺ to ഓഗസ്റ്റ് |
| വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങളുടെ പട്ടിക. വീട് ഒരു പരീക്ഷണശാല- കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക. | • ഗൃഹോപകരണങ്ങളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക.<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം<br>• CWSN കുട്ടികളുടെ പങ്കാളിത്തം. | സെപ്റ്റംബർ to ഒക്ടോബർ |
| ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം<br><br>സുരീലി ഹിന്ദി | • ഹിന്ദി അസംബ്ലി<br>• ദിനാചാരണം. ( സെപ്റ്റംബർ 14,ജനുവരി 10)<br>• അധിക വായനാ സാമഗ്രികൾ<br>• ചിത്രകഥ തയ്യാറാക്കൽ<br>• ക്ലാസ്സ് ലൈബ്രറി<br>• കഥപറയൽ<br>• കഥ എഴുത്ത് | നവംബർ to ഫെബ്രുവരി-മാർച്ച് |

# അടിസ്ഥാനശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയാൻ | • <u>ജീവികളുടെ വാസസ്ഥലം</u><br>നിരീക്ഷണം വിശകലനം എന്നിവയിലൂടെ നമ്മുടെ നാട്ടിൽ കാണപ്പെടുന്ന ജീവികളുടെ വാസസ്ഥലം കണ്ടെത്തി പട്ടികപ്പെടുത്തുന്നു<br><br>• <u>ആഹാര ബന്ധങ്ങൾ</u><br>നിരീക്ഷണം ദത്ത ശേഖരണം വിശകലനം എന്നിവയിലൂടെ ജീവികൾ തമ്മിലുള്ള ആഹാര ബന്ധങ്ങൾ മനസ്സിലാക്കി അവയുടെ അടിസ്ഥാനത്തിൽ ആഹാരം ശൃംഖലാജാലത്തിലെ ജീവജാലങ്ങൾ തമ്മിലുള്ള പരസ്പരബന്ധം കാണിക്കുന്ന ആശയ ഭൂപടം തയ്യാറാക്കുന്നു.<br><br>• <u>ആവാസവ്യവസ്ഥ സംരക്ഷണം</u><br>ആവാസ വ്യവസ്ഥയുടെ നശീകരണം എങ്ങനെ ജീവികളെ ബാധിക്കുന്നു എന്നതുമായ ബന്ധപ്പെട്ട കുറിപ്പ് തയ്യാറാക്കുന്നു<br><br>• <u>രോഗങ്ങളിൽ നിന്നും പ്രതിരോധം</u><br>പകരുന്ന രോഗങ്ങളും പകരാത്ത രോഗങ്ങളും തരംതിരിക്കുകയും രോഗങ്ങൾ പകരുന്നത് എങ്ങനെയെന്നും പകരാതിരിക്കാൻ എടുക്കേണ്ട മുൻകരുതലുകൾ ഗ്രൂപ്പിൽ ചർച്ച ചെയ്ത് അവതരിപ്പിക്കുന്നു<br><br>• <u>വാക്സിനേഷന്റെ ആവശ്യകത</u><br>വാക്സിനേഷൻ എടുക്കേണ്ടതിന്റെ ആവശ്യകതയും വാക്സിനേഷനുകളെ കുറിച്ച് ബോധവൽക്കരണം ഉണ്ടാകാൻ പോസ്റ്ററും തയ്യാറാക്കുന്നു<br><br>• <u>ജലസംരക്ഷണം</u><br>വേനൽക്കാലത്ത് കുടിവെള്ളക്ഷാമം രൂക്ഷമാകാനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് ഗ്രൂപ്പിൽ ചർച്ച ചെയ്ത് കണ്ടെത്തി അവയ്ക്ക് പരിഹാരങ്ങളും ചർച്ച ചെയ്ത് അവതരിപ്പിക്കുന്നു<br><br>• <u>ജലം മലിനീകരണത്തിന് എതിരെ</u><br>നിരീക്ഷണം ഇവരെ ശേഖരണം എന്നിവയിലൂടെ ജലസ്രോതസ്സുകൾ അവയുടെ മലിനീകരണ സാധ്യതകൾ എന്നിവ തിരിച്ചറിഞ്ഞ് പരിഹാരമാർഗങ്ങൾ നിർദ്ദേശിക്കുന്നു ജലസംരക്ഷണ | ജൂൺ മാസം<br><br>ജൂൺ മാസം<br><br>ജൂൺ മാസം<br><br>ജൂലൈ മാസം<br><br>ഓഗസ്റ്റ് മാസം<br><br>ഓഗസ്റ്റ് മാസം<br><br>സെപ്റ്റംബർ മാസം |

| | | |
|---|---|---|
| | പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു<br><br>• വിത്തിൽ നിന്ന് അല്ലാതെ പുതിയ ചെടികൾ വച്ചുപിടിപ്പിക്കുന്ന രീതി ഏതെല്ലാം എന്ന് ചുറ്റുപാടുകൾ നിരീക്ഷിച്ച സയൻസ് ഡയറിയിൽ രേഖപ്പെടുത്തുന്നു<br><br>• ചുറ്റുപാടുകൾ നിരീക്ഷിച്ച എണ്ണത്തിൽ കുറവുണ്ടായ സസ്യങ്ങളുടെ പേരുകൾ കണ്ടെത്തി ക്ലാസിൽ അവതരിപ്പിക്കുന്നു<br><br>• നിരീക്ഷണം വിവരശേഖരണം വിശകലനം എന്നിവയിലൂടെ ആകാശത്തിന്റെയും ബഹിരാകാശത്തിന്റെ സവിശേഷതകൾ തിരിച്ചറിഞ്ഞ് ബഹിരാകാശ ഗോളങ്ങളെ പറ്റിയുള്ള വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ചാർട്ട് തയ്യാറാക്കുന്നു<br><br>• വിവരശേഖരണം ദത്ത വിശകലനം നിഗമനത്തിൽ എത്തൽ തുടങ്ങിയവയിലൂടെ ഊർജ്ജ സംരക്ഷണത്തിന് പ്രാധാന്യത്തെ കുറിച്ച് ഗ്രൂപ്പിൽ ചർച്ച ചെയ്ത് അവതരിപ്പിക്കുന്നു<br><br>• കേൾവി തകരാറുകൾ കാഴ്ച പരിമിതി എന്നിവ പരിഹരിക്കാൻ സാധിക്കുന്ന ഉപകരണങ്ങൾ ഏതെല്ലാമാണെന്ന് ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ ക്ലാസ്സിൽ അവതരിപ്പിക്കുന്നു<br><br>• നിരീക്ഷണം വിവരശേഖരണം വിശകലനം എന്നിവയിലൂടെ പ്രാണികളുടെ ജീവിതചക്രം സവിശേഷതകൾ പാരിസ്ഥിതിക പ്രാധാന്യം എന്നിവ കണ്ടെത്തി ചാർട്ട് നിർമ്മിക്കുന്നു | ഒക്ടോബർ മാസം<br><br>ഒക്ടോബർ മാസം<br><br>നവംബർ-ഡിസംബർ മാസം<br><br>ജനുവരി മാസം<br><br>ജനുവരി - ഫെബ്രുവരി മാസം<br><br>മാർച്ച് മാസം |
| ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക ആധുനിക ശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യുവാനുള്ള കഴിവ് വർദ്ധിപ്പിക്കുക | • <u>പരീക്ഷണങ്ങളിലൂടെ പഠനം</u><br><br>പഠനഭാഗങ്ങളുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ ചെയ്ത ശാസ്ത്ര അഭിരുചി വർദ്ധിപ്പിക്കുന്നു | അക്കാദമിക വർഷം |

| | | |
|---|---|---|
| ശാസ്ത്ര ഗ്രന്ഥത്തിൽ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക | • <u>സ്റ്റെലേറിയം</u><br>ബഹിരാകാശത്തെ കുറിച്ച് സ്റ്റെലേറിയം സോഫ്റ്റ്‌വെയർ ഉപയോഗിച്ച് പഠിക്കുന്നു<br><br>• ഐസിടിയുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു (ഇന്ത്യയുടെ ബഹിരാകാശത്തെ വളർച്ച) | നവംബർ-ഡിസംബർ മാസം<br><br>അക്കാദമിക വർഷം |
| ശാസ്ത്രീയ അവബോധം പ്രോത്സാഹിപ്പിക്കുക ജിംനാസർ പ്രോത്സാഹിപ്പിക്കുക ഭാവി തലമുറയിലെ ശാസ്ത്രജ്ഞന്മാരെ പ്രോത്സാഹിപ്പിക്കുക | • <u>ദേശീയ ശാസ്ത്ര ദിനം</u><br>പോസ്റ്റർ നിർമ്മാണം ശാസ്ത്രജ്ഞന്മാരെ കുറിച്ചുള്ള വീഡിയോ പ്രദർശനം<br><br>• <u>ചാന്ദ്രദിനം</u><br>ചന്ദ്രനെക്കുറിച്ച് മറ്റ് ആകാശഗോളങ്ങളെ കുറിച്ചുള്ള വീഡിയോ പ്രദർശനം | ഫെബ്രുവരി മാസം<br><br>ജൂലൈ മാസം |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അടിസ്ഥാനഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു. | പ്രയോഗിക പ്രയത്ങ്ങളിലൂടെയും കളികളിലൂടെയും അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ. | ജൂൺ, ജൂലൈ |
| ഗണിതമേഖലയിൽ കുട്ടികളുടെ താല്പര്യം വർധിപ്പിക്കൽ. | ഗണിത ഉപകരണങ്ങൾക്കുമെല്ലാം പ്രാധാന്യം നൽകി ഗണിതമൂല, ഗണിതലാബ് എന്നിവ തയ്യാറാക്കൽ. | അക്കാഡമിക് വർഷാരംഭം |
| ആധുനിക ശാസ്ത്രസാങ്കേതിക വിദ്യസാധ്യതകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | IT സാദ്ധ്യതകൾ പ്രയോജനപ്പെടുത്തിയുള്ള ക്ളാസുകൾ. | അക്കാഡമിക് വർഷം |
